I ഇ.ബി. XV - കേരള നിയമസഭ/III-21

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 11, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 529-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 529-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### പെട്രോൾ, ഡീസൽ വിലവർദ്ധനവ്

മി. സ്പീക്കർ: പെട്രോൾ, ഡീസൽ വിലവർദ്ധനവുമൂലം രാജ്യത്തെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇന്ധനനികുതി കുറയ്ക്കുകയോ അധികവരുമാനം ഉപേക്ഷിക്കുകയോ ചെയ്തിട്ടും സംസ്ഥാന സർക്കാർ ഇന്ധനവില കുറയ്ക്കാൻ തയ്യാറാകാത്തതും കേന്ദ്രസർക്കാർ നാമമാത്രമായ നികുതിയിളവ് മാത്രം നൽകിയതുംമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കഴിഞ്ഞ ആറുവർഷം പെട്രോൾ-ഡീസൽ നികുതിനിരക്കിൽ സംസ്ഥാന സർക്കാർ വർദ്ധന വരുത്തിയില്ലെന്ന് മാത്രമല്ല 2018-ൽ നികുതി നിരക്ക് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അധിക എക്സൈസ് നികുതിയും സെസ്സും ഏർപ്പെടുത്തി ഇന്ധനവില വർദ്ധിപ്പിച്ച കേന്ദ്ര സർക്കാരാണ് നിരക്ക് കുറയ്ക്കേണ്ടത്.

ഓയിൽ പൂൾ അക്കൗണ്ട് നിർത്തലാക്കി വിലനിർണ്ണയാധികാരം കമ്പോളത്തിന് വിട്ടുകൊടുത്തതിനാൽ കമ്പനികൾ യഥേഷ്ടം വില വർദ്ധിപ്പിക്കുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് വില കുറയുമ്പോൾ ഇന്ധനവില കുറയ്ക്കാൻ തയ്യാറാകാതെ സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ടതല്ലാത്ത സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സെസ് എന്നിവ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കോവിഡ് കാലത്ത് വിവിധ സംസ്ഥാനങ്ങൾ ഇന്ധനങ്ങൾക്കുമേൽ നികുതി ഏർപ്പെടുത്തിയെങ്കിലും വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന കേരളത്തിൽ അതിലൊരു വർദ്ധനയും വരുത്തിയിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കേന്ദ്ര സർക്കാർ പെട്രോൾ/ഡീസൽ എക്സൈസ് തീരുവ കുറച്ചെങ്കിലും ഇന്ധനവിലയിൽ ആറാംസ്ഥാനമുള്ള സംസ്ഥാനത്ത് വില കുറയ്ക്കാൻ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇന്ധനവില കുറച്ചെങ്കിലും അധികനികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാകാത്തത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. കേന്ദ്ര സർക്കാരിന്റെ നികുതിഭീകരതയ്ക്ക് കേരളവും കൂട്ടുനിൽക്കുകയാണ്. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ജനങ്ങൾ അയൽ സംസ്ഥാനങ്ങളിൽനിന്നും

ഇന്ധനം നിറയ്ക്കുന്നതിലൂടെ കേരളത്തിന് നികുതിനഷ്ടം ഉണ്ടാകുകയാണ്. സംസ്ഥാന സർക്കാർ ഒരു ലിറ്റർ പെട്രോളിന് ഒരു രൂപ അധികനികുതി ഏർപ്പെടുത്തിയിരിക്കുന്നതും ഇന്ധന നികുതി ജി.എസ്.ടി.യിൽ ഉൾപ്പെടുത്താൻ ശ്രമിക്കാത്തതും അപലപനീയമാണ്. കുറഞ്ഞവിലയ്ക്ക് ഇന്ധനം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>)<u>:</u> ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ പെട്രോൾ/ഡീസൽ വില കുറയുമെന്ന വാദം അടിസ്ഥാനരഹിതമാണെന്നതിന്റെ തെളിവാണ് പാചക വാതകത്തിന്റെയും മണ്ണെണ്ണയുടെയും വിലവർദ്ധനവ്. ഇന്ധനവിലയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന അധികവരുമാനം സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം, കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ കുടുംബത്തിന് മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസ പെൻഷൻ തുടങ്ങിയ വിവിധ ജനക്ഷേമ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്നു. സംസ്ഥാനം ഇന്ധന നികുതി വർദ്ധിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല കേന്ദ്രസർക്കാർ വരുത്തിയ നികുതിയിളവ് കാരണം വരുമാന നഷ്ടമുണ്ടാവുകയും ചെയ്തിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേന്ദ്രസർക്കാരും വിവിധ സംസ്ഥാനങ്ങളും ഇന്ധനനികുതിയിൽ വരുത്തിയ ഇളവ് കേരളത്തിലും നൽകണം. ഗവൺമെന്റിന് ലഭിക്കുന്ന അധികവരുമാനത്തിൽനിന്ന് മത്സ്യത്തൊഴിലാളികൾക്കും ഓട്ടോ/ടാക്സി തൊഴിലാളികൾക്കും കെ.എസ്.ആർ.ടി.സി.-ക്കും ഫ്യൂവൽ സബ്സിഡി നൽകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാലുതവണ പെട്രോൾ നികുതിയിൽ കുറവ് വരുത്തിയിട്ടുണ്ട്. പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഇന്ധന നികുതി കുറച്ചതുപോലെ സംസ്ഥാന സർക്കാരും നികുതി കുറച്ച് മാതൃകയാകണം. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ ഏറ്റവും കൂടുതൽ വിലക്കയറ്റമുണ്ടാകുന്ന സംസ്ഥാനമാണ് കേരളം. കോവിഡ് മഹാമാരിയുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

(അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പെട്രോളിന് രണ്ട് രൂപ 30 പൈസയുടെയും ഡീസലിന് ഒരു രൂപ 60 പൈസയുടെയും നികുതി സംസ്ഥാന സർക്കാർ കുറച്ചു; അതംഗീകരിക്കണം. കേന്ദ്രസർക്കാർ ഇന്ധനവില വർദ്ധിപ്പിച്ചപ്പോൾ ആകെ 200 കോടി രൂപയുടെ നികുതിയാണ് സംസ്ഥാനത്തിന് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും സബ്സിഡി നൽകുകയും കിഫ്ബി പദ്ധതികൾക്ക് നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അധികവരുമാനം വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ജനങ്ങളെ സഹായിക്കാൻ തയ്യാറാകണം.

## III. ശ്രദ്ധക്ഷണിക്കൽ

### (1) പൊതുമേഖലാ സ്ഥാപനങ്ങളും പൊതു ആസ്തികളും സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. പോളിയോൾ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും HMT-യുടെ ട്രെയിനിംഗ് സെന്റർ വിപുലീകരിച്ച് നൈപുണ്യ വികസനത്തിന് പ്രാപ്തമാക്കുന്നതിനും

പോളിടെക്നിക്ക്/ഐ.ടി.ഐ./എഞ്ചിനീയറിംഗ് കോളേജുകളിലെ വർക്ക്ഷോപ്പ് പുനരുദ്ധാരണത്തിന് HMT-യെ ഉപയോഗപ്പെടുത്തുന്നതിനും തയ്യാറാകണം. കുടുംബശ്രീയെ ഉപയോഗപ്പെടുത്തി ഹൈഡ്രജൻ പെറോക്സൈഡിന് മാർക്കറ്റിംഗ് സംവിധാനമൊരുക്കണം. HPCL-ന്റെ കീഴിലുള്ള അന്യാധീനപ്പെട്ട ഭൂമി വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും HOC-യെയും കൊച്ചി കപ്പൽശാലയെയും പൊതുമേഖലയിൽ നിലനിർത്താനുള്ള ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ നടപടി നീതി ആയോഗിന്റെ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ സ്വീകരിക്കുകയാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പം വിറ്റഴിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന ബദൽ വികസനനയമാണ് കേരളം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച BHEL Electrical Machines Ltd, BEML, HNL എന്നിവയുടെ

ഏറ്റെടുക്കൽ നടപടികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. പെട്രോളിയം കമ്പനിയായ BPCL കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കപ്പെടുന്നവയുടെ പട്ടികയിലുൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതിൽനിന്നും പിന്മാറണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയെന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കാര്യത്തിൽ സാദ്ധ്യമായ നടപടികൾ സ്വീകരിക്കും.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറയ്ക്കില്ലെന്ന സംസ്ഥാന ഗവൺമെന്റിന്റെ പിടിവാശിയിലും വിഷയം ചർച്ചയ്ക്കെടുക്കാത്തതിലും പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

സബ്മിഷനുകളും അവയ്ക്കുള്ള മറുപടികളും മേശപ്പുറത്തുവച്ചു.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവര പട്ടികയിലെ ലിസ്റ്റ്-1, ലിസ്റ്റ്-2 [ചട്ടം 47(2)] പ്രകാരമുള്ള

കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ട് സമർപ്പണം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ചട്ടത്തിനുള്ള ഭേദഗതി പരിഗണിച്ചില്ല.

## VII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും യോഗ്യതയും നിശ്ചയിക്കുന്ന ഈ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല.)

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വകാര്യ കോളേജുകൾ അടിസ്ഥാനപരമായി പാലിക്കേണ്ട വ്യവസ്ഥകൾ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ സുതാര്യമാക്കുന്നതിനും സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട

ചൂഷണം അവസാനിപ്പിക്കുന്നതിനും ഉപകരിക്കുന്നതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അർഹതപ്പെട്ട അവധികൾ സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമാക്കുന്നതിനും പ്രോവിഡന്റ് ഫണ്ടിൽ അംഗമാക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷയിലുൾപ്പെടുത്തുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. നിയമന പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി കാലാകാലങ്ങളിൽ തീരുമാനിക്കുമെന്ന വ്യവസ്ഥ അർഹരായവർക്ക് ജോലി ലഭിക്കുന്നതിന് സഹായകരമാകും. വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടിമൂലം അദ്ധ്യാപക-അനദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ വൈസ് ചാൻസിലറുടെ നേതൃത്വത്തിലുള്ള സമിതി മുമ്പാകെ ബോധിപ്പിക്കാവുന്നതാണെന്ന വ്യവസ്ഥ അദ്ധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ നിയമനത്തീയതിമുതൽ മൂന്നുമാസത്തിനകം അഫിലിയേറ്റ് ചെയ്തിട്ടുള്ള സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന വ്യവസ്ഥ മൂല്യനിർണ്ണയത്തിലുണ്ടാകുന്ന പിഴവ് ഒഴിവാക്കാനും കോളേജുകളിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കുന്നതിലൂടെ അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്താനും

സാധിക്കും. ടി ആക്ടിന് എത്രയുംവേഗം ചട്ടങ്ങൾ രൂപീകരിക്കുന്നതിനും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ കീഴിലുള്ള സ്വാശ്രയ കോളേജുകൾക്ക് പ്രസ്തുത നിയമം ബാധകമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ നിയമമാകുന്നതോടുകൂടി സ്വാശ്രയ കോളേജുകളുടെ അക്കാദമിക് നിലവാരം ഉറപ്പുവരുത്താൻ സാധിക്കും. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം നടത്തി മൂന്ന് മാസത്തിനകം യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ജീവനക്കാർക്ക് പ്രയോജനകരമാണ്. യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് സമാനമായ സാഹചര്യം സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും ഉണ്ടാകുന്നതോടൊപ്പം ശമ്പള സ്കെയിലിനെക്കുറിച്ചുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്താൻ നടപടി

സ്വീകരിക്കണം. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്ന സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് പൊതു അവധിക്കുപുറമെ മറ്റ് അവധികളും ലഭ്യമാകുന്നതാണ്. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, പി.റ്റി.എ., വിദ്യാർത്ഥികളുടെ പരാതി പരിഹാര സെൽ, വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോളേജ് യൂണിയൻ കൗൺസിലുകൾ, സെക്ഷ്വൽ ഹരാസ്മെന്റിനെതിരായിട്ടുള്ള ഇന്റേണൽ കമ്മിറ്റി എന്നിവ രൂപീകരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളം അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകാനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താനും സ്ഥാപനങ്ങളുടെ ശരിയായ നടത്തിപ്പിനും ഈ നിയമം ഒരു പരിധിവരെ സഹായകരമാകുന്നതാണ്. സ്വാശ്രയകോളേജുകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

കാണാനും അക്കാദമിക നിലവാരം മെച്ചപ്പെടുത്താനും ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ ഉറപ്പുവരുത്താനുമാണ് ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തും നടപ്പാക്കുന്നതിന്റെ ഭാഗമായി നവകേരള പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പുകൾ, അന്തർ സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ എന്നിവ നടപ്പിലാക്കുന്നതാണ്. പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും സർവ്വകലാശാലകളെയും കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ, കളിസ്ഥലം, ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവയുടെ നിർമ്മാണവും നവീകരണവും സർക്കാർ നടപ്പിലാക്കി വരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ സംസ്ഥാനത്തിന്റെ റാങ്കിംഗ് ഉയർത്തുന്നതിനും നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ അംഗീകാരം എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയാണ്. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നിയമനിർമ്മാണമടക്കം നടത്തി സർവ്വകലാശാലകൾ പുനഃസംഘടിപ്പിക്കുന്ന

കാര്യം പരിഗണിച്ചുവരികയും ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതുമാണ്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഭാഗമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ബിൽ നിയമമാകുന്നതിലൂടെ ന്യൂനപക്ഷ അവകാശങ്ങൾ ഹനിക്കപ്പെടുമെന്ന ആശങ്ക അസ്ഥാനത്താണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

198, 200, 204, 220, 223, 226, 231, 244, 245, 255, 256, 259,

264, 265, 278, 279, 281, 285, 293 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

209. ഖണ്ഡം 2 (ബി)-ൽ "ചെയ്യുന്നതും" എന്നതിന് ശേഷം "അങ്ങനെയുള്ള സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

223. ഖണ്ഡം 2 (ഡി)-ൽ "നിയമിക്കുകയും" എന്നതിന് പകരം "നിയമിക്കപ്പെടുകയും" എന്ന് ചേർക്കുക.

231. ഖണ്ഡം 2(ഡി)-ൽ "ചെയ്തതുമായ" എന്നതിന് പകരം "ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

259. ഖണ്ഡം 2 (ഐ)-ൽ "അഫിലിയേറ്റ് ചെയ്തതു" എന്നതിന് ശേഷം "സർവ്വകലാശാല" എന്ന് ചേർക്കുക.

278. ഖണ്ഡം 2(കെ)-ൽ "ചെയ്തതുമായ" എന്നതിന് പകരം "ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

285. ഖണ്ഡം 2(എൽ)-ൽ "നിയമിക്കുകയും" എന്നതിന് പകരം "നിയമിക്കപ്പെടുകയും" എന്ന് ചേർക്കുക.

293. ഖണ്ഡം 2(എൽ)-ൽ "ചെയ്തതുമായ" എന്നതിന് പകരം

"ചെയ്യപ്പെട്ടതുമായ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

302, 304, 313, 314, 317, 319, 329, 330, 342, 344, 348, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

310. ഖണ്ഡം 3(1)-ൽ

(i) "അപേക്ഷ" എന്ന വാക്ക് ഒഴിവാക്കുക.
(ii) " വിജ്ഞാപനംമൂലം" എന്നതിനുശേഷം "അപേക്ഷ" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി

അവതരിപ്പിച്ചു.

345. ഖണ്ഡം 3(3)-ൽ "ശേഷം" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടാവുന്നതിൻ പ്രകാരം അപേക്ഷകരുടെ അഭിമുഖം നടത്തി " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

317. ഖണ്ഡം 3(2)-ൽ "തസ്തികകളിലേയ്ക്ക്" എന്നതിന് ശേഷം "നിയമിക്കപ്പെടുന്ന ഏതൊരാൾക്കും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

358, 359, 381, 386, 394, 399, 411, 413, 424, 428, 436, 442, 446, 447, 448, 460 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

384. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " അധികാരം" എന്നതിന് പകരം "അധികാരത്തെ" എന്ന് ചേർക്കുക.

388. ഖണ്ഡം 4(3)-ൽ "കോളേജ്" എന്നതിന് പകരം "കോളേജിലെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

465, 470 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

482, 485 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

488, 497, 502, 523, 531, 533 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

535, 541, 546, 550 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

541. ഖണ്ഡം 8(1) (ii)-ൽ "അസോസിയേഷൻ" എന്നതിന് പകരം "സമിതി" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

569, 572 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

572. ഖണ്ഡം 10-ൽ " അധികാരസ്ഥാനത്തിനോ" എന്നതിന് മുൻപ് "ഏതെങ്കിലും" എന്ന് ചേർക്കുക.

569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

577-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

592-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

619-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

106, 108, 109, 120, 123, 129, 132, 143, 146, 153, 166, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

110. ദീർഘശീർഷകത്തിൽ "സംസ്ഥാനത്ത്" എന്നത് ഒഴിവാക്കുക.

133. പീഠികയിൽ "സംസ്ഥാനത്ത്" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാണ് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിട്ടുള്ളത്. എല്ലാ ജനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ വ്യക്തമായ ആസൂത്രണം നടത്തിയിട്ടുണ്ട്. 175000 പേർക്ക് പട്ടയം നൽകാൻ സാധിച്ചതും ഡിജിറ്റൽ സർവ്വേ നടപ്പിലാകുമ്പോൾ ഭൂമിയില്ലാത്ത മുഴുവനാളുകൾക്കും ഭൂമി നൽകാൻ സാധിക്കുന്നതും ലാൻഡ് ബാങ്ക് രൂപീകരിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ശാസ്ത്രീയമായ ആസൂത്രണത്തിന്റെയും ജനകീയമായ നടത്തിപ്പിന്റെയും ഭാഗമായി എല്ലാ

മേഖലകളിലും പുരസ്കാരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂളുകൾ ഹൈടെക്കായി മാറിയെങ്കിലും ബാക്കി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കണം. ആശുപത്രികളിൽ പശ്ചാത്തലസൗകര്യം വർദ്ധിച്ചതിനനുസൃതമായി മനുഷ്യവിഭവശേഷിയും മറ്റ് സൗകര്യങ്ങളും ക്രമീകരിക്കണം. നൂറുദിന തൊഴിൽദാന പദ്ധതിയിലൂടെ 32000-ത്തിലേറെ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ശക്തമാക്കിയതും കുടുംബശ്രീയിൽ ആക്സിലറി ഗ്രൂപ്പ് രൂപീകരിക്കാനുള്ള ശ്രമവും അഭിനന്ദനാർഹമാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുമ്പോൾ അത്തരം സ്ഥാപനങ്ങളെ ഏറ്റെടുക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളടക്കമുള്ള മേഖലകളിൽ കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്മാർട്ട് റേഷൻ കാർഡ് നടപ്പിലാക്കിയതും പവർകട്ട് ഇല്ലാതാക്കിയതും കൃഷിനാശം വരുത്തുന്ന പന്നികളെ വെടിവച്ചുകൊല്ലാൻ സംവിധാനം

ഏർപ്പെടുത്തിയതും കെ.എസ്.ആർ.ടി.സി.-ക്ക് ബോണ്ട് സർവ്വീസ് ഏർപ്പെടുത്തിയതും പട്ടയ വിതരണം നടത്തിയതും ജനകീയ ഹോട്ടലുകൾ ആരംഭിച്ചതും വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി പുനരാരംഭിച്ചതും അഭിനന്ദനാർഹമാണ്. പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റ് വിഹിതത്തിനുപുറമെ 6.2 കോടി രൂപ അധികമായി അനുവദിച്ചതും അനർഹരുടെ കൈവശമുള്ള മുൻഗണനാകാർഡുകൾ സറണ്ടർ ചെയ്യിച്ചതും പൊതുമരാമത്ത് പ്രവൃത്തികൾക്ക് വർക്കിംഗ് കലണ്ടർ തയ്യാറാക്കിയതും ശ്രദ്ധേയമാണ്. പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളെ വരുമാനദായകമാക്കാനും ലൈഫ് പദ്ധതിയിൽ മുൻഗണനാലിസ്റ്റിലുൾപ്പെടാത്തവർക്ക് സമയം ദീർഘിപ്പിച്ചുനൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ ഓയിൽ പൂൾ അക്കൗണ്ടും അഡ്മിനിസ്റ്റേർഡ് പ്രൈസ് മെക്കാനിസവും ഇല്ലാതാക്കിയതാണ്

പെട്രോളിയം ഉത്പന്നങ്ങൾക്ക് യഥേഷ്ടം വില വർദ്ധിപ്പിക്കാൻ സഹായകരമായത്. സംസ്ഥാനത്തിന് ഡിവിസിബിൾ പൂളിലേയ്ക്കും ധനകാര്യ കമ്മീഷൻ മുഖേനയും ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകുന്ന വിധത്തിൽ ജി.എസ്.ടി. നിയമത്തിൽ ഘടനാപരമായ മാറ്റം വരുത്തണം. ആസ്തിവികസന ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ നടത്തുന്നതിനായി ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബഡ്ജറ്റിൽ ഹെഡ് ഓഫ് അക്കൗണ്ട് തയ്യാറാക്കി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ തുക നൽകാൻ സാധിച്ചാൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗത്തിൽ മാറ്റം വരുത്താൻ സാധിക്കും.

<u>ശ്രീ. പി. നന്ദകുമാർ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ വിഭവ സമാഹരണം പ്രതിസന്ധിയിലായിരിക്കുകയാണ്. 2021 ജൂലൈ മാസം മുതൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇല്ലാതാകുന്നതോടെ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ചും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടിവരും. പെട്രോളിയം

ഉല്പന്നങ്ങളുടെ നികുതിയിനത്തിൽ തുച്ഛമായ വരുമാനം മാത്രമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. ജനക്ഷേമത്തിനുവേണ്ടിയാണ് സംസ്ഥാന വരുമാനത്തിലെ നല്ലൊരുപങ്കും ചെലവഴിക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയിൽ വളരെയേറെ ഗുണകരമായ പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചു. അഞ്ചുവർഷത്തിനുള്ളിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. യൂണിക് തണ്ടപ്പേർ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനാൽ അധികഭൂമി കണ്ടെത്തി ഭൂരഹിതർക്ക് കൊടുക്കുവാൻ സാധിക്കും. സഹകരണ കാർഷിക വായ്പാ മേഖല ത്രിതല സംവിധാനത്തിൽനിന്ന് ദ്വിതല സംവിധാനത്തിലേയ്ക്ക് മാറിയതും കേരള ബാങ്ക് രൂപീകരിച്ചതും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയതും കർഷകർക്ക് ആശ്വാസകരമായ നടപടിയാണ്. കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിതരണം എന്നിവയ്ക്കായി കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനവും കർഷകർക്ക് ഏകീകൃത നമ്പരും സ്മാർട്ട് കാർഡും നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. അടുത്ത വർഷം മുതൽ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളായി തിരിച്ച് കാലാവസ്ഥ, മണ്ണിന്റെ പ്രത്യേകത എന്നിവ

കണക്കിലെടുത്ത് അനുയോജ്യമായ കൃഷിരീതി നടപ്പാക്കുന്നതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കാനും കഴിയും.

ശ്രീ. എ. എൻ. ഷംസീർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഈ സർക്കാർ നടപ്പിലാക്കുന്നതാണ്. സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള ശ്രമത്തെ അതിജീവിച്ച് മുന്നോട്ട് പോകുന്നതാണ്.

ശ്രീ. എം. എം. മണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചും ഭവനരഹിതർക്ക് ഭവനവും പ്രകൃതിദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് സഹായധനവും കോവിഡ്-19 മഹാമാരി കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റും നൽകി ജനക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ക്രിയാത്മക നിലപാടുകൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. പരിസ്ഥിതിയെ സംരക്ഷിച്ച് പ്രകൃതിക്കനുയോജ്യമായ രീതിയിലുള്ള പ്രവർത്തനങ്ങളുണ്ടാകണം. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടുമായി സമവായത്തിലെത്തണം. മരംമുറി വിവാദത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതും ഉത്തരവ് റദ്ദ് ചെയ്തതും മാതൃകാപരമാണ്. പ്രകൃതിക്ഷോഭത്തെയും മഹാമാരികളെയും

നേരിട്ട കേരള മോഡൽ ലോകത്തിനുതന്നെ മാതൃകയാണ്.

ശ്രീ. കെ. പി. മോഹനൻ: ഉപധാനഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതിക്ഷോഭവും മഹാമാരിയുംമൂലം പ്രതിസന്ധി ഘട്ടത്തിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടും ക്ഷേമ പെൻഷനുകളും ഭക്ഷ്യക്കിറ്റും വിതരണം ചെയ്തതും ലൈഫ് പദ്ധതി നടപ്പിലാക്കിയതും ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തി തുടങ്ങിവച്ച പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിനും കാർഷിക മേഖലയിൽ വിപ്ലവം സൃഷ്ടിക്കുന്നതിനും നടപടിയുണ്ടാകണം. മന്ത്രിമാർ ജില്ലാ/മണ്ഡലാടിസ്ഥാനത്തിൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സ്വാഗതാർഹമാണ്.

ശ്രീ. ജി. എസ്. ജയലാൽ: ഉപധാനഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പാക്കിയതിലെ അപാകതയും പ്രകൃതിക്ഷോഭവും മഹാമാരിയും പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ ജനങ്ങളെ സംരക്ഷിച്ച ഗവൺമെന്റ് നിലപാട് സ്വാഗതാർഹമാണ്. നികുതി വർദ്ധിപ്പിക്കാത്തതും പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചതും വായ്പകൾക്ക് പലിശ സബ്സിഡി അനുവദിച്ചതും കാർഷിക വിപണിയിൽ

മാറ്റമുണ്ടാക്കിയതും സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതും ശ്ലാഘനീയമാണ്. മികച്ച അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആരോഗ്യ/വിദ്യാഭ്യാസ മേഖലകളെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും വികസന പ്രവർത്തനങ്ങളിൽ മുന്നേറ്റം സൃഷ്ടിക്കുകയും ചെയ്ത സർക്കാർ അഭിനന്ദനമർഹിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നിലപാട് എതിർക്കപ്പെടേണ്ടതാണ്. മുല്ലപ്പെരിയാറിലെ മരംമുറി ഉത്തരവ് സംബന്ധിച്ച് പരിശോധിക്കണം. സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാനുള്ള പ്രതിപക്ഷ ശ്രമം ഖേദകരമാണ്. കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതരായ ബി.പി.എൽ. കുടുംബത്തിന് മൂന്നുവർഷത്തേയ്ക്ക് പ്രതിമാസം 5,000 രൂപ വീതം അനുവദിച്ചതും മാതാപിതാക്കൾ മരണപ്പെട്ട് അനാഥരായ കുട്ടികൾക്ക് പ്രതിമാസം 2000 രൂപ വീതം നൽകുന്നതും ശ്ലാഘനീയമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിവിധ വകുപ്പുകൾക്കായി 1435 കോടി രൂപയാണ് ഉപധനാഭ്യർത്ഥനയായി സഭ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ഉപധനാഭ്യർത്ഥന പാസ്സാക്കുകയെന്ന നിയമപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ഈ വേളയിൽ പ്രതിപക്ഷത്തിന്റെ ബഹിഷ്കരണം ഖേദകരമാണ്. കേന്ദ്ര നയത്തിന്റെ ഭാഗമായി, സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിന് ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന

XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ</u>

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിലുള്ള ഉപധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

<u>2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2021-ലെ

കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## IX. അവകാശലംഘന പ്രശ്നങ്ങൾ

(1) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീമതി കെ. കെ. രമ നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. എച്ച്. സലാം നൽകിയ നോട്ടീസ്, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയും ജലവിഭവ വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. പി. സി. വിഷ്ണുനാഥ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

(2) <u>അനുമതി നിഷേധിച്ചവ</u>

<u>മി. സ്പീക്കർ</u>: പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കും വനം-വന്യജീവി വകുപ്പുമന്ത്രിക്കുമെതിരെ ശ്രീ. സജീവ് ജോസഫ് നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന നടത്തിവന്നിരുന്ന അവകാശലംഘന നോട്ടീസുകളിൻമേൽ കമ്മിറ്റിയുടെ നടപടികൾ പൂർത്തിയാക്കാത്ത എൻഫോഴ്സ്മെന്റ് ഡയറക്ടർക്കെതിരെയും കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ഉൾപ്പെടെയുള്ളവർക്കെതിരെയുമുള്ള രണ്ട് അവകാശലംഘന നോട്ടീസുകളുടെ പരിശോധന തുടർന്നും നടത്തുന്നതിന് അവസരമൊരുക്കണമെന്ന കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആയതിന് അനുമതി നൽകിയിട്ടുണ്ട്.

## X. പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഓർഡിനൻസുകൾക്ക് പകരം പ്രത്യേക സമ്മേളനം ചേർന്ന് നിയമനിർമ്മാണം നടത്തണമെന്ന ചെയറിന്റെ നിർദ്ദേശം ഉൾക്കൊണ്ട് കടുത്ത ആശങ്കകൾക്കിടയിലും സഭയൊന്നാകെ

പരിശ്രമിച്ച് നേട്ടം കൈവരിച്ചിരിക്കുകയാണ്. ആറ് പതിറ്റാണ്ട് പിന്നിട്ട കേരള നിയമസഭയുടെ നേട്ടങ്ങളുടെ പട്ടികയിൽ തിളക്കമാർന്ന മറ്റൊരു ഏടുകൂടി എഴുതിച്ചേർക്കുന്ന മൂന്നാം സമ്മേളനത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ച സമീപനം അങ്ങേയറ്റം അനുകരണീയമാണ്. പരിഗണിച്ച 35 ബില്ലുകളിൽ സജീവ ചർച്ച നടക്കണമെന്ന കാര്യത്തിൽ സഭയൊന്നാകെ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചത്. നിയമനിർമ്മാണത്തിന് മാത്രമായി ചേർന്ന സമ്മേളനത്തിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിജയത്തിനുമായി സഹകരിച്ച സഭാംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, പേഴ്സണൽ സ്റ്റാഫംഗങ്ങൾ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. സഭാനടത്തിപ്പുമായി ബന്ധപ്പെട്ട് ചെയർ പരിപാലിച്ച ഉന്നതമൂല്യങ്ങൾ സഭയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരട്ടെയെന്ന് ആശംസിക്കുന്നതിനൊപ്പം എല്ലാവർക്കും ഊഷ്മളമായ ക്രിസ്തുമസും നവവത്സരാശംസകളും നേരുന്നു.

'സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം

അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ക്രിസ്തുമസ്-പുതുവത്സര ആശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.55-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

******